കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്-നഗരകാര്യം-കോഴിക്കോട് കോർപ്പറേഷൻ-മേയറുടെ പി.എ തസ്തികയിൽ അനുവദിച്ച ഡെപ്യൂട്ടേഷൻ നിയമനം-ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെട്ടുവിക്കുന്നു

================================================================

## തദ്ദേശസ്വയംഭരണ (ഇയു) വകുപ്പ്

സ.ഉ(സാധാ)നം.282/2019/തസ്വഭവ തിരുവനന്തപുരം,തീയതി, 10/02/2019

================================================================

പരാമർശം:- 1. 29.01.2018-ലെ സ.ഉ(സാധാ) നം. 268/2018/തസ്വഭവ നം. ഉത്തരവ്.

2. ശ്രീ ആന്റണി നെൽസന്റെ അപേക്ഷ.

3. കോഴിക്കോട് കോർപ്പറേഷൻ മേയറുടെ 28.01.2019-ലെ കത്ത്.

ഉത്തരവ്

പരാമർശം ഒന്നിലെ ഉത്തരവ് പ്രകാരം തലശ്ശേരി മുനിസിപ്പാലിറ്റി സെക്രട്ടറിയുടെ പി.എ തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീ. ആന്റണി നെൽസൺ എന്ന ജീവനക്കാരനെ കോഴിക്കോട് കോർപ്പറേഷൻ മേയറുടെ പി.എ. തസ്തികയിൽ 02.02.2018 മുതൽ ഒരു വർഷത്തേയ്ക്ക് അന്യത്ര സേവന വ്യവസ്ഥയിൽ നിയമിച്ചിരുന്നു.

പരാമർശം രണ്ട് പ്രകാരം ശ്രീ ആന്റണി നെൽസൺ സമർപ്പിച്ച അപേക്ഷയും പരാമർശം മൂന്ന് പ്രകാരം കോഴിക്കോട് മേയറുടെ കത്തും പരിഗണിച്ച് കേരള സേവന ചട്ടങ്ങൾ ഭാഗം 1 ചട്ടം 144 ലെ വ്യവസ്ഥകൾക്ക് വിധേയമായി ശ്രീ. ആന്റണി നെൽസൺ എന്ന ജീവനക്കാരന്റെ കോഴിക്കോട് നഗരസഭ മേയറുടെ പി.എ തസ്തികയിൽ അനുവദിച്ച അന്യത്ര സേവന കാലാവധി 02.02.2019 തീയതി മുതൽ ഒരു വർഷത്തേക്ക് ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെട്ടുവിക്കുന്നു.

അനുവദിക്കപ്പെട്ട അന്യത്രസേവനത്തിന്റെ കാലാവധി അവസാനിക്കുന്നതിന് മുമ്പ് കാലാവധി ദീർഘിപ്പിച്ച് ബന്ധപ്പെട്ട അധികാരികളുടെ അനുമതി ലഭിക്കാത്തപക്ഷം അനുവദനീയ മായ കാലയളവ് അവസാനിക്കുന്ന ദിവസം അന്യത്രസേവനത്തിനുള്ള ഉദ്യോഗസ്ഥനെ വിടുതൽ ചെയ്യേണ്ടതാണ്. അന്യത്രസേവന കാലാവധി അവസാനിക്കുകയും മാതൃവകുപ്പിലേയ്ക്ക് തിരിച്ച് പോകാതിരിക്കുകയും ചെയ്താൽ ഉദ്യോഗസ്ഥനെതിരെ അച്ചടക്ക നടപടി

സ്വീകരിക്കേണ്ടതാണ്. അനുമതി ഇല്ലാതെ അന്യത്രസേവനത്തിൽ തുടരുന്ന കാലയളവ് പെൻഷനോ ഇൻക്രിമെൻറിനോ പരിഗണിയ്ക്കുന്നതല്ല. അനുമതി ഇല്ലാതെ അനധികൃതമായി അന്യത്രസേവനത്തിൽ തുടർന്ന കാലയളവ് ക്രമീകരിക്കാവുന്നതല്ല. അന്യത്ര സേവന കാലാവധി തീരുന്ന മുറയ്ക്ക് ഉദ്യോഗസ്ഥനെ ശമ്പളവും മറ്റലവൻസുകളും കൈപ്പറ്റുന്നതിൽ നിന്ന് വിലക്കേണ്ടതുമാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
എസ് മോഹൻദാസ്
അഡീഷണൽ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ശ്രീ ആന്റണി നെൽസൺ, പി.എ ടു മേയർ, കോഴിക്കോട് കോർപ്പറേഷൻ. (നഗരകാര്യ ഡയറക്ടർ മുഖേന)
ഡയറക്ടർ, കേരള സംസ്ഥാന ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) (ആഡിറ്റ്) തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**